# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:**4032** 27.06.2012 - ൽ മറുപടിക്ക്

## റാന്നി മണ്ഡലത്തിലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി

**ചോദ്യം**

**ശ്രീ. രാജു എബ്രഹാം**

**മറുപടി**

ശ്രീ. പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

**(എ) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി റാന്നി നിയോജക മണ്ഡലത്തിലുൾപ്പെടുന്ന ഏതൊക്കെ കുടിവെള്ള പദ്ധതികളും പൈപ്പ് നീട്ടൽ പൈപ്പ് മാറ്റിയിടൽ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട് എന്ന് പദ്ധതിയുടെ പേരും തുകയും സഹിതം വ്യക്തമാക്കാമോ; ഈ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്ന് വിശദമാക്കാമോ;**

(എ) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി റാന്നി നിയോജക മണ്ഡലത്തിൽപ്പെടുന്ന കുടിവെള്ള പദ്ധതിയുടെയും പൈപ്പ് നീട്ടൽ മാറ്റിയിടൽ പദ്ധതിയുടെയും പേരും തുകയും ചുവടെ ചേർക്കുന്നു.

**വരൾച്ചാ ദുരിതാശ്വാസ പദ്ധതി- 2012**

1. അങ്ങാടി ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതി സ്രോതസ്സ് പുനരുദ്ധാരണവും ഇൻടേക്ക് വെല്ലിന് സമീപം താൽക്കാലിക ബണ്ട് നിർമ്മാണവും
   ഭരണാനുമതി തുക -2.5 ലക്ഷം

2. ചെറുകോൽ - നാരങ്ങാനം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി - കരമുക്ക് പമ്പ് ഹൗസിലെ സി.എഫ് പമ്പ് സെറ്റിന്റെ 75 എച്ച് പി മോട്ടോർ നന്നാക്കൽ
   ഭരണാനുമതി തുക - 0.66 ലക്ഷം

3. ചാവരുപുര- കുളത്തിങ്കൽപടി വാർഡ് I & II ശുദ്ധജല വിതരണ ശൃംഖല നീട്ടുന്നതിനുള്ള അടിച്ചിപ്പുഴ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി
   ഭരണാനുമതി തുക - 4.99 ലക്ഷം

4. വാഴക്കുന്നം മുതൽ കാട്ടൂർ വരെ പൈപ്പ്ലൈൻ നീട്ടുന്നതിനുള്ള ചെറുകോൽ - നാരങ്ങാനം

ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി
ഭരണാനുമതി തുക - 1.50 ലക്ഷം

5. ട്രീറ്റ്മെന്റ് പ്ലാന്റു മുതൽ നവോദയ ജംഗ്ഷൻ വരെയുള്ള പൈപ്പ്ലൈൻ ബന്ധിപ്പിക്കുന്നതിനുള്ള വെച്ചൂച്ചിറ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി
ഭരണാനുമതി തുക - 4.75 ലക്ഷം

6. ചെറുകോൽ - നാരങ്ങാനം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി - ചെറുകോൽ പഞ്ചായത്തിലെ ചക്കപ്പാക്കം വെള്ളെറുത്തുപടി പൈപ്പ്ലൈൻ നീട്ടുന്നതിനുള്ള പ്രവർത്തി
ഭരണാനുമതി തുക - 4.90 ലക്ഷം

7. ചെറുകോൽ - നാരങ്ങാനം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി ചെറുകോൽ പഞ്ചായത്തിലെ പുളിയത്തുപടി മുതൽ വെള്ളറത്തുപടി വരെയുള്ള പൈപ്പുലൈൻ നീട്ടുന്ന പ്രവർത്തി
ഭരണാനുമതി തുക - 4.95 ലക്ഷം

8. ചിറ്റാർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി - ചിറ്റാർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ ബൂസ്റ്റർ പമ്പ് ഹൗസിൽ സബ്മെഴ്സിബിൾ പമ്പ്സെറ്റിന്റെ വിതരണവും സ്ഥാപിക്കലും
ഭരണാനുമതി തുക - 5 ലക്ഷം

9. റാന്നി തോട്ടമൺ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി - തോട്ടമണിലെ ഇൻടേക്ക് പമ്പ് ഹൗസിലെ സബ്മേഴ്സിബിൾ പമ്പ് സെറ്റിന്റെ വിതരണവും സ്ഥാപിക്കലും
ഭരണാനുമതി തുക - 4.2 ലക്ഷം

മേൽ പറഞ്ഞ പ്രവർത്തികളുടെ പണികൾ പൂർത്തിയാക്കി ബിൽ തയ്യാറാക്കി വരുന്നു.

| | | | |
|---|---|---|---|
| (ബി) | **വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി റാന്നി നിയോജക മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഏതൊക്കെ പദ്ധതികൾക്കായാണ് പൈപ്പ് നീട്ടൽ/ പൈപ്പിടൽ പദ്ധതികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്; ഇവയുടെ അംഗീകാരത്തിനായി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ?** | (ബി) | വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി റാന്നി നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങൾക്കായി മാത്രം പുതിയ പദ്ധതികൾ തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ